## 5

# അവസാന പ്രബോധനം

## (3:17, 18)

**17എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ട്, അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്തസ്ഥിരത വിട്ട് വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. 18കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന്നു എന്നെന്നേക്കും മഹത്വം. ആമേൻ.**

പത്രൊസ് തന്റെ സദസ്യരെ സൗമ്യതയോടെയാണ് സംബോധന ചെയ്തു തുടങ്ങിയത്. ക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്ന വിശ്വാസ്യതയോടെയാണ് അവൻ അവരെ ഓർപ്പിച്ചത്. തന്റെ ജ്ഞാനത്തിന്റെ ഉറവിടം കർത്താവാണ് എന്ന് അവൻ അവരെ ബോധ്യമാക്കി. പിന്നെ, സഭയെ ഭിന്നിപ്പിക്കുവാനും നശിപ്പിക്കുവാനും ശ്രമിച്ച ദുരുപദേഷ്ടാക്കന്മാർക്കെതിരെയാണ് അവൻ തിരിഞ്ഞത്. ദൈവത്തിന്റെ സത്യപരിജ്ഞാനമായിരുന്നു അവർ ആദ്യം കേട്ടത്. ഇവിടെ, ലേഖനത്തിന്റെ അവസാനം, അവനും തന്റെ വായനക്കാരും അറിഞ്ഞതിലേക്ക് തിരിച്ചുവരുന്നത് ഉചിതമായിരിക്കുന്നു. കാരണം അവൻ അവർക്ക് എഴുതിയത്, ആ ക്രിസ്ത്യാനികളെ മുന്നറിയിക്കുന്നതിനായിരുന്നു. ദുരുപദേഷ്ടാക്കന്മാർ തുടർച്ചയായി മര്യാദ ലംഘിച്ചുകൊണ്ടുള്ള അവകാശങ്ങൾ ഉന്നയിക്കുമെന്ന് അവർക്ക് മുൻപ് തന്നെ അറിയാമായിരുന്നു. അവരുടെ ഭാഗത്ത്, പത്രൊസ് അവർക്ക് നൽകിയ പരിജ്ഞാനത്തിൽ അവർ വളരണമായിരുന്നു.

**വാക്യം 17.** പത്രൊസിന്റെ ലേഖനത്തിൽ വേർതിരിച്ചെടുക്കാവുന്ന ഒരു പ്രബന്ധമില്ല. തനിക്ക് അറിയാവുന്ന പ്രിയപ്പെട്ടവർക്കായിരുന്നു പത്രൊസ് എഴുതിയത്. അവന്റെ സഹ ക്രിസ്ത്യാനികൾ അവന്നു **പ്രിയപ്പെട്ടവർ** ആയിരുന്നു. അപ്പൊസ്തലന്, ലാഭമുണ്ടാക്കുവാനുള്ള പ്രത്യേക അജണ്ടയോ, ചെത്തി മിനുക്കുവാനുള്ള കോടാലിയോ, ഇല്ലായിരുന്നു. **തത്വചിന്തയില്ലാത്ത** മനുഷ്യരുടെ **തെറ്റിനാൽ അവർ വഴുതി പോകാതിരി**[ക്കുവാൻ] **ആയിരുന്നു** അവൻ എഴുതിയത്. ആ ക്രിസ്ത്യാനികൾ "നീതി വസിക്കുന്ന പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും" തന്നോടൊപ്പം വസിപ്പാൻ അവൻ ആഗ്രഹിച്ചു (3:13). അതായിരുന്നു അവന്റെ ലേഖനത്തിലുള്ളത്. അവർ **മുൻകൂട്ടി** അറിഞ്ഞാൽ അവർക്ക് [തങ്ങളെ] തന്നെ **സൂക്ഷിക്കുവാൻ കഴിയും.** ക്രിസ്തുവിലേക്ക് വരുന്നത് ഒരു കാര്യം ആണെന്നും; ക്രിസ്തുവിൽ വിശ്വസ്തമായി ജീവിക്കുക എന്നതു മറ്റൊരു കാര്യമാണെന്നും അവന്നു അറിയാമായിരുന്നു. ദൈവത്തിന്റെ കൃപയിൽനിന്നു തന്റെ വായനക്കാർ **വീണ് പോകരുത്** എന്ന് അവൻ ആഗ്രഹിച്ചു.

"ദുരുപദേഷ്ടാക്കന്മാരെ" കൈകാര്യം ചെയ്യുന്നത് ക്രിസ്തീയ അദ്ധ്യക്ഷന്മാരുടെ വെല്ലുവിളികളിൽ ചിലതാണ് (2:1). പലരും തങ്ങൾ അങ്ങനെയല്ല എന്നു നടിക്കും. ക്രിസ്ത്യാനിയാകുക എന്നാൽ ആത്മാർത്ഥതയുള്ളവരാകുക എന്നാണ്. സത്യം ആപേക്ഷികമാണ്; ഒരാൾ സത്യസന്ധനാകുവാൻ സത്യം

മനസിലാക്കണം. ഒരാൾക്ക് സത്യമാകുന്നത് മറ്റൊരാൾക്ക് സത്യമാകണമെന്നില്ല. ആ വാദം നാം എല്ലാവരും കേട്ടിട്ടുണ്ട്. അത് രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഗ്രീക്ക്-റോമാ സംസ്ക്കാരത്തിൽ പരസ്യമായിരുന്നതുപോലെ, ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലെ പാശ്ചാത്യ സംസ്ക്കാരത്തിലും പരസ്യമാണ്.

സമൃദ്ധി, ആരോഗ്യം, സമ്പത്ത് എന്നിവയുടെ "ക്രിയാത്മക" സന്ദേശവും വിനോദരസവും പകരുന്ന വലിയ കരിസ്മാറ്റിക് സഭകൾ അമേരിക്കയിൽ ധാരാളമുണ്ട്. അവർക്ക് എല്ലാം ക്രിയാത്മകവും കീഴടക്കാവുന്നതുമേയുള്ളു. അവരുടെ അനുയായികൾ കൂടുകയും കുറയുകയും ചെയ്യും. പരസ്യബന്ധങ്ങളുടെ പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ നടത്തിപ്പുകാർ കൈകാര്യം ചെയ്യും. ക്രിസ്തീയ ജീവിതത്തിലേക്ക് തിരിയുന്നവർക്ക് ഞായറാഴ്ച്ച രാവിലെ ക്രിയാത്മകവും "ആത്മികവുമായ" അനുഭവമായിരിക്കും പ്രദാനം ചെയ്യുന്നത്. അത്തരം ഒരു "ക്രിയാത്മക സന്ദേശമായിരുന്നില്ല" പത്രൊസിന്റെ രണ്ടാം ലേഖനം. തന്റെ വായനക്കാരെ ക്രിസ്തുവിൽനിന്നും അകറ്റുന്ന തത്വദീക്ഷയില്ലാത്തവരെ സൂക്ഷിക്കുവാനായിരുന്നു അവൻ അപേക്ഷിച്ചത്; അവർ സത്യം വിട്ടകലരുതെന്നായിരുന്നു അവൻ ആഗ്രഹിച്ചത്. മിക്കതും കണക്കിലെടുത്താൽ അവന്റെ രണ്ടാം ലേഖനത്തിൽ കൂടുതലും "നിഷേധങ്ങൾ" അടങ്ങിയിരിക്കുന്നതായി കാണാം.

"തെറ്റിനെ" കുറിച്ചു സംസാരിക്കുവാൻ അപ്പൊസ്തലൻ ഭയപ്പെട്ടിരുന്നില്ല. യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നായിരുന്നു തന്റെ നിലവാരത്തെ കുറിച്ച് പറഞ്ഞത് (1:1). ദുരുപദേഷ്ടാക്കന്മാരെ എതിരിടുവാൻ, ആധുനിക ക്രിസ്ത്യാനികൾ തെറ്റിനെ പ്രതിരോധിക്കുവാൻ, എടുക്കേണ്ടത് തിരുവെഴുത്താണ്. എതിരിടുക എന്നത് സുഖമുള്ള കാര്യമല്ല. എങ്കിലും, 2 പത്രൊസ് എതിരിടുന്ന ഒന്നാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചില്ല എങ്കിൽ നഷ്ടപ്പെടും എന്നു വ്യക്തിപരമായി പറയുന്നതിനേക്കാൾ, രക്ഷിക്കപ്പെട്ടവർ അപകടത്തിൽ പെട്ട് **സ്ഥിരോൽസാഹത്തിൽ** നിന്നു വീണുപോകുവാൻ സാധ്യതയുള്ള കാര്യം അവരെ മുന്നറിയിക്കുവാനാണ് അവൻ ശ്രമിച്ചത്. അത്തരം മുന്നറിയിപ്പ് സ്ഥിരമായി കേൾക്കാതെ പോയില്ല. വിശ്വസ്തതക്കായി അപേക്ഷിക്കുമ്പോൾ, ചിലപ്പോൾ പോരാട്ടം അനുഭവപ്പെടും. എല്ലാ പ്രയാസത്തോടുകൂടെയാണ്, പത്രൊസ് ആ ദൗത്യം ഏറ്റെടുത്തത്. തന്റെ വായനക്കാരോട് ഉറച്ചു നിൽപാനാണ് അപേക്ഷിച്ചത്. "തങ്ങൾക്ക് പ്രത്യേകമായ വെളിപ്പാട് ഉണ്ട്, പ്രത്യേകമായ ജ്ഞാനം ഉണ്ട് എന്നു പറയുന്ന ഏതൊരു വ്യക്തിയുടേയും വാക്കുകൾ കേൾക്കരുത്" എന്നായിരുന്നു അവൻ അപേക്ഷിച്ചത്.

ദുരുപദേഷ്ടാക്കന്മാരുടെ പ്രതിവിധി ജ്ഞാനമായിരുന്നു. വിശ്വാസികൾ, "സ്ഥിരോൽസാഹത്തിൽ" നിലനിൽക്കണമെങ്കിൽ, അവർക്ക് ജ്ഞാനം വേണം. തങ്ങൾ വിശ്വസിക്കുന്നത് എന്താണെന്നും ഏന്തുകൊണ്ടാണ് അത് വിശ്വസിക്കുന്നതെന്നും അവർ അറിയുകയും വേണം. അവർ തിരുവെഴുത്തിൽ വെളിപ്പെടുത്തിയ ജ്ഞാനത്തിൽ പ്രവേശിക്കണം. സഭയുടെ ഉപദേശം എന്നത് പായ്കപ്പലിനെ ഓടിക്കുന്ന കാറ്റുപോലെയാണ്. ഒരു കുതിരപ്പടയാളിയെ പോലെയല്ല സഭ ഉപദേശത്തെ കൈകാര്യം ചെയ്യേണ്ടതെന്ന് "മുമ്പുകൂട്ടി" മുന്നറിയിച്ചിരിക്കുന്നു. ജ്ഞാനം എരിവുള്ള ക്രിസ്ത്യാനികളെ വിശ്വസ്തതയിലേക്ക് നയിക്കുന്നു; എരിവുള്ള ക്രിസ്ത്യാനികൾ ജ്ഞാനത്താലുള്ള കൂട്ടിമുട്ടലും വിപത്തും ഇല്ലാതാക്കും.

**വാക്യം 18.** പത്രൊസിന്റെ അവസാന വാക്കുകൾ ക്രിസ്തീയ പ്രബോധനത്തിന് മാതൃകയാണ്. അവൻ പറഞ്ഞു, **വളരുക.** ക്രിസ്തീയ ജീവിതം എന്നത് ഉയരത്തിലേക്കു കയറുന്ന കയറ്റമാണെന്ന് ഇത് ആദ്യമായിട്ടല്ല പത്രൊസ് പറഞ്ഞത്. ക്രിസ്തീയ ഗുണങ്ങളെ കുറിച്ച് അപ്പൊസ്തലൻ 1:5–8 ൽ പറഞ്ഞപ്പോൾ, വളരുവാനാണ് അവൻ അപേക്ഷിച്ചത്. ഒരു ഗുണത്തോട് മറ്റൊന്നു "കൂട്ടിക്കൊൾവിൻ" എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. തന്റെ വായനക്കാരോട് പ്രാപിക്കുവാൻ അവൻ പറഞ്ഞ യോഗ്യത "പരിജ്ഞാനം" ആയിരുന്നു. ലേഖനത്തിന്റെ ആദ്യ വാക്കുകളിൽ അവൻ പ്രാർത്ഥിച്ചു, "ദൈവത്തിന്റേയും നമ്മുടെ കർത്താവായ യേശുവിന്റേയും പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ" (1:2). അപ്പൊസ്തലൻ അവസാന വാക്യത്തിൽ "പരിജ്ഞാനത്തിലേക്ക്" തിരിച്ചുവന്നത് ഉചിതമായി.

വളരുവാനുള്ള പ്രബോധനത്തിൽ **കൃപയും കർത്താവിന്റെ പരിജ്ഞാനവും** ഉൾപ്പെടുത്തിയിരിക്കുന്നു, പക്ഷെ രണ്ടിനും പ്രകടമായ വ്യത്യാസം ഉണ്ട്. കൃപ നീട്ടിത്തരുന്നത് കർത്താവാണ്. അത് നന്ദിയോടുകൂടെ സ്വീകരിക്കേണ്ടതാണ്. ക്രിസ്തു കൃപ തരുമ്പോൾ, ക്രിസ്ത്യാനി പരിജ്ഞാനത്തെ പിന്തുടരുന്നു. വളരുവാൻ പറയുമ്പോൾ, കൃപ എന്ന വിഷയത്തേക്കാൾ പരിജ്ഞാനത്തിന് പ്രാധാന്യം വർദ്ധിക്കുന്നു. സ്പഷ്ടമായും പത്രൊസ് അർത്ഥമാക്കിയത് ഇതാണ്: അവർ അവനിൽ വിശ്വസ്തമായി ജീവിക്കുമ്പോഴാണ് കർത്താവിന്റെ ആനുകൂല്യം ക്രിസ്ത്യാനികളിലേക്ക് പകരുന്നത്. കൃപ എന്ന വാക്കിന് പൗലൊസ് നൽകിയ സാങ്കേതികമായ നിർവ്വചനം പത്രൊസിന്റെ മനസിൽ ഇല്ലായിരുന്നു എന്നു കരുതാം. പൗലൊസിന്, കൃപ എന്നു പറയുന്നത് ക്രിസ്തുവിൽ ദൈവം മുന്നിട്ടിറങ്ങി മനുഷ്യരെ കരുണാകരമായി രക്ഷിക്കുന്നതാണ്. ഈ വാക്യത്തിൽ കൃപ പ്രവൃത്തികളിൽ ആശ്രയിക്കുന്നതിന് എതിരാണ്. ഒരാൾ രക്ഷിക്കപ്പെടുന്നത് മാനുഷിക പ്രവൃത്തിയാലല്ല, മറിച്ച് ദൈവകൃപയാലാണ്. ഗ്രീക്ക്-സംസാരിക്കുന്ന ലോകത്തിനനുകൂലമായിട്ടാണ് പത്രൊസ് ആ വാക്ക് ഉപയോഗിച്ചത്. കൃപയിൽ വളരുവാൻ അവൻ വിശ്വാസികളോട് ആവശ്യപ്പെട്ടപ്പോൾ, ഈ വാക്യത്തിൽ ക്രിസ്തുവിനും, അവന്റെ അനുഗ്രഹങ്ങൾക്കും അനുകൂലമായിട്ടാണ് അവൻ ആ വാക്ക് ഉപയോഗിച്ചത്. അപ്പൊസ്തോലിക സന്ദേശമനുസരിച്ച് തുടർന്ന് ജീവിക്കുന്നവരിലേക്കാണ് ക്രിസ്തു തന്റെ അനുഗ്രഹങ്ങൾ പകരുന്നത്. കർത്താവിനോടുള്ള സ്നേഹത്തിലും, അവൻ അവർക്കായി എന്തു ചെയ്തു എന്ന പരിജ്ഞാനത്തിലും വളരുവാൻ, വിശുദ്ധിയോടും ദൈവഭക്തിയോടും കൂടെ വളരുവാൻ, അവർ കർത്താവിന്റെ കൃപയിലും വളരേണ്ടിയിരുന്നു.

കർത്താവിന്റെ "കൃപയിലും" "പരിജ്ഞാനത്തിലും" വളരുവാൻ നമുക്ക് അതേ മനോഭാവം ആവശ്യമാണ്. ക്രിസ്തീയ ജീവിതം ഒരിക്കലും വസ്തുസ്ഥിതിശാസ്ത്രമല്ല. ജീവനുള്ള ഒരു ജീവിയെപോലെ ഒന്നുകിൽ വളരുന്നു അല്ലെങ്കിൽ കുറയുന്നു. സ്പർശിക്കുന്നതും വശീകരിക്കുന്നതുമായ സന്ദേശം അറിയിക്കുന്ന കരിസ്മാറ്റിക്ക് ഉപദേഷ്ടാക്കന്മാരുടെ പ്രസംഗത്തിന് പരിജ്ഞാന പശ്ചാത്തലമില്ല. വൈകാരിക സാഹചര്യങ്ങൾ ക്രിസ്ത്യാനിത്വത്തിന് തുല്യമാണെന്ന് കരുതുന്നവർ സ്ഥിരോൽസാഹത്തിൽനിന്നു വീണുപോകും. അതുകൊണ്ടാണ് പത്രൊസ് ലേഖനത്തിന്റെ അവസാനം ആ വിഷയങ്ങൾ ഒരുമിച്ച് അവതരിപ്പിച്ചത്. അവൻ പറഞ്ഞു, "സൂക്ഷിച്ചു കൊൾവിൻ." ജ്ഞാനത്തിൽ ഒരാൾ തന്നെത്താൻ സൂക്ഷിക്കുകയാണെങ്കിൽ, "തെറ്റിൽ ... അകപ്പെ

ടാതിരിക്കും." വിശ്വസ്തതക്ക് എളുപ്പവഴിയില്ല.

**രക്ഷിതാവ് ആയ യേശുക്രിസ്തുവിനെ** പുകഴ്ത്തുന്നതാണ് ലേഖനത്തിലെ അവസാന ദൈവസ്തുതി. ക്രിസ്തുവിനെ ഉദ്ദേശിച്ച് പ്രകടിപ്പിക്കുന്ന ദൈവസ്തുതി അസാധാരണമാണ്. മിക്കപ്പോഴും, പുകഴ്ച്ചക്ക് യോഗ്യൻ പിതാവായ ദൈവമാണ്. അങ്ങനെ വരുമ്പോൾ, അപ്രതീക്ഷിതമായിട്ടാണ് പത്രൊസ് **ക്രിസ്തുവിന്ന് ഇപ്പോഴും എന്നെന്നേക്കും മഹത്വം** എന്നു പറയുന്നത്. ലേഖനത്തിന്റെ പ്രാരംഭ വാക്യത്തിൽ, "നമ്മുടെ ദൈവത്തിന്റേയും രക്ഷിതാവായ യേശുക്രിസ്തുവിന്റേയും നീതി" എന്നാണ് പറഞ്ഞത്. ക്രിസ്തുവിനു ദൈവസ്തുതി അർപ്പിക്കുന്നത്, ദൈവത്തിനുള്ളതാണ്. എല്ലാ അർത്ഥത്തിലും യേശു ദൈവമാണ്. "നിത്യതാ ദിവസം" "ദൈവ ദിവസത്തിനു" തുല്യമാണ്, അതുതന്നെയാണ് "ക്രിസ്തുവിന്റെ ദിവസം," "കർത്താവിന്റെ മടങ്ങി വരൽ," "ന്യായവിധി ദിവസം" എന്നിവ. എല്ലാ സമയവും അവസാന പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നു. "അവന്ന് ഇപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ."